**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2307 — 12.03.2020-ൽ മറുപടിക്ക്

**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങാൻ ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ബാബു :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ഭൂമി നൽകാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | എ) | സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിക്ഷിപ്ത വനഭൂമി വിതരണത്തിൽ നിൽക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തന്നെ യോഗങ്ങൾ ചേർന്ന് ഭൂമി വിതരണം നടത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. ലാൻഡ് ബാങ്ക് ഭൂമി വില്പനയ്ക്ക് തയ്യാറാക്കിയിട്ടുള്ളവരിൽ നിന്നും ഭൂമി വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയുടെ നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ ലൈഫ് മിഷന്റെ മൂന്നാം ഘട്ട പദ്ധതി പ്രകാരം ഭൂരഹിതരായവർക്ക് ഭൂമിയും വീടും അനുവദിക്കുക എന്നതിനായി 7173 പേരുടെ വിവരങ്ങൾ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ഒരു വർഷത്തിനകം ഭൂമി പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ |

| | | | |
|---|---|---|---|
| | | | വന്ന ശേഷം 478 പേർക്ക് 174.77 ഏക്കർ സ്ഥലം വില കൊടുത്തു വാങ്ങി നല്കി. വനാവകാശ നിയമപ്രകാരം 1311 പേർക്ക് 1628.42 ഏക്കർ സ്ഥലത്തിന്റെ കൈവശ രേഖ നല്കി. നിക്ഷിപ്ത വനഭൂമിയും റവന്യൂ പട്ടയവുമായി 2568 പേർക്ക് 1804.75 ഏക്കർ സ്ഥലം വിതരണം ചെയ്തു. |
| ബി) | പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങാൻ ധനസഹായം അനുവദിക്കുന്ന വിധത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും ധന സഹായം അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ബി) | പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ഭൂമി വാങ്ങി നൽകുന്നതുമായി ബന്ധപ്പെട്ട് 03.03.2018-ലെ 21/2018/ പജപവവിവ ഉത്തരവു പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് പട്ടിക വർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**